IV. സബ്മിഷൻ

(1) 1998 ആഗസ്റ്റ് മുതൽ 1999 ആഗസ്റ്റ് വരെ സർക്കാർ ഓഫീസുകളിൽ ജോലിചെയ്ത വികലാംഗരായ താൽക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തണമെന്ന ആവശ്യം

ശ്രീ. പി. ജയരാജൻ : ലോക വികലാംഗദിനമായ 2003 ഡിസംബർ 3-നു ചേർന്ന മന്ത്രിസഭായോഗത്തിൽ സുപ്രധാനമായ ഒരു തീരുമാനമെടുക്കുകയുണ്ടായി. 15-8-1998 മുതൽ 15-8-1999 വരെ താൽക്കാലികമായി എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി 179 ദിവസം ജോലി ചെയ്ത വികലാംഗ ജീവനക്കാരെ സ്ഥിരപ്പെടുത്തണമെന്ന തീരുമാനമായിരുന്നു അത്. 7 മാസം കഴിഞ്ഞിട്ടും യാതൊരു നടപടിയും തുടർന്ന് ഉണ്ടായിട്ടില്ല. അന്വേഷിച്ചപ്പോൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നാണ് അറിയുന്നത്. പി.എസ്.സി.-യുടെ അനുമതി കൂടാതെതന്നെ ഗവണ്മെന്റിന് സ്പെഷ്യൽ റിക്രൂട്ട്മെന്റ് നടത്താനുള്ള അധികാരമുണ്ട്. നേരത്തെ എൽ.ഡി.എഫ് ഗവണ്മെന്റിന്റെ കാലത്ത് 1997 മുതൽ 1998 വരെ സർക്കാർ സർവ്വീസിലുണ്ടായിരുന്ന എംപ്ലോയ്മെന്റ് ഹാന്റ് സായ വികലാംഗ ജീവനക്കാരെ അന്ന് സ്പെഷ്യൽ റിക്രൂട്ട്മെന്റനുസരിച്ച് നിയമിച്ചിട്ടുണ്ട്. സ്വാതന്ത്ര്യത്തിന്റെ 50-ാം വാർഷികത്തോടനുബന്ധിച്ചാണ് അന്ന് സ്പെഷ്യൽ റിക്രൂട്ട്മെന്റ് നടത്തിയത്. അതുപോലെ ഗവണ്മെന്റ് ഈ കാര്യത്തിൽ വികലാംഗരോട് കരുണ കാണിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്. കേന്ദ്ര വികാലംഗ സംരക്ഷണ നിയമമനുസരിച്ച് 3 ശതമാനം സംവരണം വികലാംഗർക്ക് സർക്കാർ സർവ്വീസിൽ നൽകണമെന്ന് ഹൈക്കോടതിയുടെ ഒരു വിധിതന്നെയുണ്ട്. ഇവിടെ 3 ശതമാനമല്ല. 1 ശതമാനംപോലും എത്തിയിട്ടില്ല. അത്തരം സാഹചര്യത്തിൽ മന്ത്രിസഭ ഇത്തരം ഒരു തീരുമാനമെടുത്തത് ആശ്വാസകരമായിരുന്നു. പക്ഷെ, 7 മാസമായിട്ടും .യാതൊരു നടപടിയും ഉണ്ടായിട്ടില്ല. 179 ദിവസം പൂർത്തിയായിട്ടുള്ള ഈ പരിഗണനയിൽ വരുന്ന ജീവനക്കാരുടെ എണ്ണമെന്നു പറയുന്നത് 539 പേർ മാത്രമാണ്. 179 ദിവസം പൂർത്തിയാകാത്തവർ സംസ്ഥാനാടിസ്ഥാനത്തിൽ 511 പേരുണ്ട്. വികലാംഗരോട് കരുണ കാണിച്ചുകൊണ്ട് ഈ മന്ത്രിസഭാ തീരുമാനം എത്രയും പെട്ടെന്ന് സ്പെഷ്യൽ റിക്രൂട്ട്മെന്റ് അനുസരിച്ച് നടപ്പാക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

10.00 am.]

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി): 15-8-1998 മുതൽ 15-8-1999 വരെയുള്ള കാലയളവിൽ 179 ദിവസമെങ്കിലും ജോലി ചെയ്തിട്ടുള്ള വികലാംഗരെ സ്ഥിരപ്പെടുത്താൻ ഗവണ്മെന്റ് തീരുമാനമെടുത്തിട്ടുണ്ട്. പി.എസ്.സി.-ക്ക് എഴുതിയിരിക്കുകയാണ്. കാലതാമസം കൂടാതെയാണ് എഴുതിയിരിക്കുന്നത്. ഒരു തീരുമാനം പ്രതീക്ഷിക്കുകയാണ്. കൂടാതെ 179 ദിവസം പൂർത്തിയാക്കാത്തവരുടെ കാര്യം പ്രത്യേകം പരിഗണിക്കണമെന്ന് അവർക്ക് ശക്തമായ അഭിപ്രായമുണ്ട്. അത് എത്രയാളുകൾ ഉണ്ടാകുമെന്ന് ഗവണ്മെന്റ് പരിശോധിച്ചുവരികയാണ്. എന്തായാലും ഈ കാര്യത്തിൽ കാലതാമസമൊഴിവാക്കാൻ നടപടിയുണ്ടാകും. താമസിയാതെ കാര്യങ്ങൾ ചെയ്യുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly